➯ 49 കെട്ടിടങ്ങൾ ഇവിടെ അനധികൃതമായി നിർമ്മിച്ചതായി വ്യക്തമായിരുന്നു ➯

# നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചാരിറ്റിയുടെ പേരിൽ മറയ്ക്കുന്നു

ഗെയിൽ ട്രെഡ്‌വെല്ലിന്റെ പുസ്തകത്തെ തുടർന്ന് പ്രതിരോധത്തിലായ അമൃതാനന്ദമയി മഠത്തിന് വീണ്ടും ക്ഷീണമുണ്ടാക്കിയ ഇടപെടലുകളാണ് വിജേഷ് വിജയാനന്ദൻ നടത്തിയത്. മഠത്തിനടുത്തുള്ള ക്ലാപ്പന പഞ്ചായത്തിൽ താമസിക്കുന്ന ഈ ഇടതുപക്ഷ പ്രവർത്തകൻ പരിസ്ഥിതിയെ നശിപ്പിച്ചും നിയമങ്ങൾ കാറ്റിൽപ്പറത്തിയും മഠം നടത്തുന്ന അനധികൃതപ്രവർത്തനങ്ങൾക്കെതിരെ പോരാട്ടം തുടരുകയാണ്. മഠത്തിലേക്ക് വിളിപ്പിച്ച് അമൃതാനന്ദമയി നേരിട്ട് സ്വാധീനിക്കാൻ ശ്രമിച്ചിട്ടും തീരുമാനത്തിൽ ഉറച്ചുനിൽക്കുകയാണെന്ന്

**വിജേഷ് / കേരളീയം**

**അനധികൃതമായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് അമൃതാനന്ദമയി മഠം നിങ്ങളുടെ നാട്ടിൽ നടത്തിയിരിക്കുന്നത്?**

ഒരാൾ പൊക്കത്തിൽ നെല്ല് വിളഞ്ഞിരുന്ന, മുണ്ടകൻ കൃഷി ചെയ്തിരുന്ന പാടം നികത്തിയെടുത്താണ് മഠം ബഹുനില കെട്ടിടങ്ങൾ പണിഞ്ഞിരിക്കുന്നത്. കായലിൽ നിന്നും മണ്ണ് ട്രഞ്ച് ചെയ്തെടുത്താണ് 15 ഏക്കർ നിലം നികത്തിയെടുത്തത്. വള്ളിക്കാവ് മഠത്തിനോട് ചേർന്ന് കിടക്കുന്ന ക്ലാപ്പന, കുലശേഖരം, ആലപ്പാട് പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന പാടമാണ് നികത്തിയെടുത്തത്. ആയുർവേദ മെഡിക്കൽ കോളേജ്, ലോ കോളേജ്, ഹെലിപ്പാട്, സംസ്കൃത കോളേജ് തുടങ്ങിയ സ്ഥാപനങ്ങളാണ് അവിടെ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ പരസ്യമായ ലംഘനമാണ് ഇവിടെ നടന്നിരിക്കുന്നത്. ഗാർഹികാവശ്യത്തിനായി മാത്രം അഞ്ച് സെന്റ് നികത്താൻ നീർത്തടനിയമം അനുമതി നൽകുന്നുണ്ട്. എന്നാൽ മഠത്തിന് എങ്ങനെയാണ് ഇത്രയധികം ഇളവ് ലഭിച്ചതെന്ന് വ്യക്തമല്ല. ഇത്രവലിയ അളവിൽ നെൽപ്പാടം നികത്തപ്പെടുന്നതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് ഞങ്ങൾ ഇതിനെ എതിർക്കാൻ തീരുമാനിച്ചു. പ്രസ്തുത സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി ഗസറ്റിൽ വിജ്ഞാപനം ചെയ്യാത്തതിനാൽ നീർത്തട നിയമപ്രകാരം നടപടിയെടുക്കാൻ കഴിയില്ലെന്നാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. ഭീകരമായ അഴിമതിയും നിയമലംഘനവുമാണ് നടന്നതെന്ന് അപ്പോഴാണ് ഞങ്ങൾക്ക് ബോധ്യമായത്. പഞ്ചായത്തും മഠവും ഒത്തുചേർന്ന് നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാനിൽ ഞാൻ പരാതി നൽകി. തുടർന്ന് പഞ്ചായത്ത് സെക്രട്ടറി ഓംബുഡ്സ്മാനിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ 49 കെട്ടിടങ്ങൾ ഇവിടെ അനധികൃതമായി നിർമ്മിച്ചതായി വ്യക്തമായിരുന്നു. ഒന്നിനും പഞ്ചായത്തിൽ നികുതി അടച്ചിട്ടുമില്ല. കോടിക്കണക്കിന് രൂപയുടെ നികുതി മഠം അടയ്ക്കാനുണ്ടെന്ന് ഓംബുഡ്സ്മാൻ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നിട്ടും സർക്കാർ തലത്തിൽ ഒരു നടപടിയും മഠത്തിനെതിരെ ഉണ്ടായിട്ടില്ല. മാത്രമല്ല, പഞ്ചായത്തിന്റെ പൂർണ്ണ പിന്തുണയും മഠത്തിനുണ്ട്. കേസ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്.



വിജേഷ്

**ജനങ്ങളുടെ ഭാഗത്ത് നിന്നും നിലം നികത്തലിനെതിരെ പ്രതിഷേധമുണ്ടായോ?**

ആദ്യകാലത്ത് ചെറിയ രീതിയിൽ പ്രതിഷേധമുണ്ടായി. നിലം ഒറ്റയടിക്ക് നികത്തിയെടുക്കുകയായിരുന്നില്ല. അമൃതാനന്ദമയിയുടെ സഹോദരങ്ങളായ കസ്തൂരിയും സതീശനും ചേർന്ന് പലരുടെയും കൈയിൽ നിന്നും സ്ഥലം വാങ്ങി, ട്രഞ്ച് ചെയ്തും ഗ്രാവലിട്ടും നികത്തിയെടുത്ത് പതിയെ മഠത്തിന് കൈമാറുകയായിരുന്നു. വളരെ വൈകിയാണ് നാട്ടുകാർക്ക് ഇതൊരു വലിയ പദ്ധതിയാണെന്ന് ബോധ്യമായത്. ഈ നാട്ടിൽ അമൃതാനന്ദമയിക്ക് ഭക്തന്മാർ കുറവാണ്. അവർ ആരാണെന്ന് നാട്ടുകാർക്ക് നന്നായറിയാം. അതുകൊണ്ടുതന്നെ പ്രതിഷേധിക്കാനും ആർക്കും മടിയുണ്ടായിരുന്നില്ല. എന്നാൽ, അന്നത്തെ സർക്കാർ സംവിധാനങ്ങളെല്ലാം മഠത്തിന് അനുകൂലമായതിനാൽ പ്രതിഷേധിച്ചതുകൊണ്ട് ഫലമുണ്ടാകില്ലെന്ന് കണ്ട് പലരും പിന്മാറുകയായിരുന്നു. കേന്ദ്രത്തിൽ ബി.ജെ.പിയും കേരളത്തിൽ യു.ഡി.എഫും ഭരിക്കുകയായിരുന്നു അന്ന്. അന്നത്തെ മുഖ്യമന്ത്രി ആന്റണിയുടെയും കേന്ദ്രമന്ത്രി രാജഗോപാലിന്റെയും എല്ലാവിധ പിന്തുണയും മഠത്തിനുണ്ടായിരുന്നു. അതുകൊണ്ട്, നാട്ടുകാരുടെ പരാതി പരിഗണിച്ച് നടപടിയെടുക്കാൻ സർക്കാർ സംവിധാനങ്ങളൊന്നും തയ്യാറായില്ല. അന്നത്തെ എം.എൽ.എ ആയിരുന്ന രാജൻ ബാബുവും മഠത്തിനൊപ്പം നിന്നയാളാണ്.

**പരാതിക്കാരനായ നിങ്ങളെ മഠത്തിലേക്ക് വിളിപ്പിച്ചത് ഉദ്ദേശമെന്തായിരുന്നു?**

ഗെയിൽ ട്രെഡ്‌വെല്ലിന്റെ പുസ്തകമിറങ്ങുകയും പ്രശ്നങ്ങളുണ്ടാകുകയും ചെയ്തതോടെ മഠം പ്രതിരോധത്തിലായിരിക്കുകയാണ്. പരാതി ഒതുക്കാൻ തന്നെയാണ് എന്നെ മഠത്തിലേക്ക് വിളിപ്പിച്ചത്. ഞങ്ങളുടെ നാട്ടുകാരനായ സുനിൽ എന്നൊരാൾ മഠത്തിലുണ്ടായിരുന്നു. അയാൾ വഴിയാണ് എനിക്ക് ആദ്യക്ഷണം വന്നത്. വസ്തുതകൾ നേരിൽകണ്ട് ബോധ്യപ്പെടുത്തിയാൽ അമ്മ പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന പദ്ധതികൾ ഉപേക്ഷിക്കാൻ തയ്യാറാണെന്ന് സുനിൽ എന്നോട് പറഞ്ഞു. കാണാൻ തയ്യാറാണെന്ന് ഞാൻ സമ്മതിച്ചു. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് രഹസ്യക്യാമറയും തരപ്പെടുത്തിയാണ് ഞാൻ മഠത്തിനുള്ളിൽ കയറിയത്. മാതൃദാസ് എന്ന സ്വാമിയാണ് എന്നെ അമൃതാനന്ദമയിയുടെ അടുത്തേക്ക് കൊണ്ടുചെന്നത്. ചെന്നയുടൻ തൊഴുത് അനുഗ്രഹം വാങ്ങാൻ മാതൃദാസ് പറഞ്ഞു. കാര്യങ്ങൾ ചർച്ച ചെയ്യാൻ വന്നതാണെന്നും തൊഴാൻ താത്പര്യമില്ലെന്നും ഞാൻ പറഞ്ഞു. പിന്നീട് അവർ എന്നോട് പറഞ്ഞ കാര്യങ്ങളെല്ലാം മാധ്യമങ്ങളിലെല്ലാം വന്നതാണല്ലോ.

**ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടാണല്ലോ അവർ എല്ലാം ന്യായീകരിക്കാൻ ശ്രമിച്ചത്. അത്രത്തോളം ജീവകാരുണ്യങ്ങൾ മഠം നാട്ടിൽ ചെയ്തിട്ടുണ്ടോ? നാട്ടുകാരെല്ലാം മഠത്തിന്റെ ഗുണഭോക്താക്കളാണോ?**

പണ്ടുമുതലേ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയാണ് അവർ ആളുകളെ കൂടെ നിർത്താൻ ശ്രമിക്കുന്നത്. നാട്ടിൽ അവർക്ക് പ്രാർത്ഥനാ ഗ്രൂപ്പുകളുണ്ടായിരുന്നു. ആ ഗ്രൂപ്പുകൾ കേന്ദ്രീകരിച്ചാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ മുഖ്യമായും നടത്തിയിരുന്നത്. പ്രാർത്ഥനാ ഗ്രൂപ്പിലുണ്ടായിരുന്ന വിധവകൾക്കും വൃദ്ധർക്കും പെൻഷൻ നൽകുകയായിരുന്നു ആദ്യ പരിപാടി. സർക്കാർ തലത്തിൽ വിധവാ പെൻഷനും വാർദ്ധക്യ പെൻഷനുമെല്ലാം വന്നതോടെ അത് പൊളിഞ്ഞു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ചൂഷണം ചെയ്യാനാണ് മഠം ശ്രമിച്ചത്. നിർധനരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുകയായിരുന്നു മറ്റൊരു പരിപാടി. സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം ഭരണഘടന ഉറപ്പു നൽകുന്ന അവകാശമാണ്. മഠം അതേറ്റെടുക്കേണ്ട കാര്യമില്ല. സുനാമിക്ക് ശേഷം വീട് നിർമ്മാണമായിരുന്നു അമ്മയുടെ പ്രധാന ചാരിറ്റി പ്രവർത്തനം. അക്കാര്യം വ്യാപകമായി അവർ പരസ്യം ചെയ്തിട്ടുമുണ്ട്. സുനാമിക്ക് ശേഷം സർക്കാർ സ്ഥലം ഏറ്റെടുത്ത്,

ഭവന നിർമ്മാണ പദ്ധതികൾ നടത്തുന്നതിനായി പല സംഘടനകളെയും ഏൽപ്പിക്കുകയായിരുന്നു. ഒരു ലാഭവും നോക്കാതെ പല സംഘടനകളും വീട് വച്ചിട്ടുണ്ട്. കൂട്ടത്തിൽ മഠം വച്ചിട്ടുണ്ടെന്ന് മാത്രം. അമൃതാനന്ദമയി മഠം മാത്രമാണ് ഇത്രയധികം അവകാശവാദം പറയുന്നത്. തിരുവനന്തപുരത്തുള്ള ഹാബിറ്റാറ്റ് ഗ്രൂപ്പ് വച്ചുകൊടുത്ത വീടും മഠം വച്ച വീടുകളും തമ്മിൽ ക്വാളിറ്റിയിൽ വലിയ വ്യത്യാസമുണ്ട്. വാസയോഗ്യമായ വീട് ഹാബിറ്റാറ്റ് ഗ്രൂപ്പിന്റേതാണ്. സുനാമിക്ക് മുമ്പും അമൃതകുടീരം എന്ന പേരിൽ മഠം ആലപ്പാട് പ്രദേശത്ത് പാവങ്ങൾക്ക് വീട് വച്ച് നൽകിയിട്ടുണ്ട്. ആ വീടുകളാണ് സുനാമിയിൽ ഏറെയും തകർന്നത്. എന്നിട്ടും വീടുവച്ചുകൊടുത്തു എന്ന് ഇപ്പോഴും അവകാശവാദം പറഞ്ഞുനടക്കാൻ മഠത്തിന് ഒരു മടിയുമില്ല.

ഓംബുഡ്സ്മാനിലെ കേസിൽ മഠം കൊടുത്ത സത്യവാങ്മൂലത്തിലും പാവങ്ങൾക്ക് വീട് വച്ചുകൊടുത്ത കാര്യം പറയുന്നുണ്ട്. എന്തെങ്കിലും പ്രശ്നം വരുമ്പോൾ പ്രതിരോധിക്കാനുള്ള മാർഗ്ഗമാണ് ചാരിറ്റിയെന്ന് ഇതിൽ നിന്നും വ്യക്തമാണ്. അതുകൊണ്ടാണ് എന്നെ സ്വാധീനിക്കാൻ ശ്രമിച്ചപ്പോഴും അവർ ചാരിറ്റിയുടെ കാര്യം എടുത്തുപറഞ്ഞത്. ഇ.എം.എസ് ഭവന പദ്ധതിയും ഐ.എ.വൈയുമൊക്കെയായി പാവങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതികളും സർക്കാർ തലത്തിലുണ്ട്. അമൃതാനന്ദമയി മഠം ആ ജോലി ഏറ്റെടുക്കേണ്ട കാര്യമില്ല.

**മഠത്തിലേക്ക് എത്തുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ?**

മഠത്തിലേക്കെത്തുന്ന ഭക്തരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട് എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന കുട്ടികളെ നിർബന്ധമായി ഭജനയിൽ പങ്കെടുപ്പിച്ച് ആളുകുറഞ്ഞതിന്റെ ക്ഷീണം മാറ്റുകയാണെന്നും അറിഞ്ഞു. ധീവരസഭ പോലെയുള്ള സംഘടനകളെ ആശ്രയിച്ചും പ്രതിസന്ധി മറികടക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. കടലോരവാസികളെ ബാധിക്കുന്നതരത്തിൽ സി.ആർ.ഇസഡ് നിയമത്തിൽ ഭേദഗതി വന്നിട്ടും അത്തരം അടിസ്ഥാന പ്രശ്നങ്ങളിലൊന്നും ഇടപെടാതെ അമൃതാനന്ദമയി മഠത്തെ സഹായിക്കാൻ ശ്രമിക്കുന്നത് ധീവരസഭയുടെ സംഘടനാപരമായ പാപ്പരത്തമാണ്. സി.ആർ.ഇസഡ് നിയമവുമായി ബന്ധപ്പെട്ട വിഷയത്തിൽ എന്തായാലും അമൃതാനന്ദമയി മഠം ഇടപെടില്ല. കാരണം അവർ സി.ആർ.ഇസഡ് നിയമം ലംഘിച്ചാണ് മഠം നിർമ്മിച്ചിരിക്കുന്നത്. ■

ചൂഷണത്തിനും ആധിപത്യത്തിനും വേണ്ടി ഉപയോഗിക്കപ്പെടുന്ന ഒരു ആയുധമാണ് ചാരിറ്റി പ്രവർത്തനങ്ങൾ.

**ദീപക് ശങ്കരനാരായണൻ**

# ചാരിറ്റിയുടെ ചതികൾ

**വ്യക്തിപരമായി** സഹജീവിക്ക് ഒരു കൈ കൊടുക്കുന്ന സുഹൃത്തുക്കൾ വേദനിക്കേണ്ടതില്ല. തെരുവിൽകാണുന്ന പട്ടിണിക്കാരന് രാവിലെ അമ്മ പൊതിഞ്ഞുതന്ന പൊതിച്ചോറെടുത്തുകൊടുക്കുന്നത്, ഒരു രോഗിയെ ആശുപത്രിയിലെത്തിക്കുന്നത്, വീഴാൻ പോകുന്ന ആരുടെയോ ഒരു കുട്ടിയെ കൈനീട്ടി പിടിക്കുന്നത്, അവശനെ ശുശ്രൂഷിക്കുന്നത്, ചാരിറ്റിയല്ല. ഒരു സമൂഹജീവിയുടെ സ്വാഭാവികപ്രതികരണം മാത്രമാണ്. അതിൽ ഉദാത്തവൽക്കരിക്കാൻ ഒന്നുമില്ല. ചാരിറ്റി ഒരു പ്രെഷർ വാൽവാണ്. രാഷ്ട്രീയമായിപ്പറഞ്ഞാൽ നിരന്തരമായി എടുക്കുന്നവന്റെ സാമൂഹ്യപദവിയും അവന്റെ സാമ്പത്തികാവസ്ഥയുടെ നിലനിൽപ്പും സെലക്റ്റീവായും നിയന്ത്രിതമായും കൊടുത്തുകൊണ്ട് ഉറപ്പാക്കുന്ന ഫീഡ്ബാക് മെക്കാനിസം. കുട്ടിയെ കെട്ടിയിട്ട് പശുവിനെ കറന്ന് അവസാനം കുറച്ച് കുടിക്കാൻ കിടാവിനെ ദയാപൂർവ്വം അനുവദിക്കുന്ന അതേ യുക്തി. ചാരിറ്റി, അതിന്റെ ഗുണഫലമനുഭവിക്കുന്ന വിഭാഗത്തിന്റെ അന്തസ്സിനെ എന്നെന്നേക്കുമായി തകർക്കുന്നു. രാഷ്ട്രീയാവകാശം എന്ന നിലയിൽ ജന്മസിദ്ധമായ തുല്യതയെക്കുറിച്ച് ഒരിക്കലും പറയാൻ കഴിയാത്ത നിലയിൽ അവനെ നിശബ്ദനാക്കുന്നു. ചാരിറ്റി വരുന്നത് മിക്കവാറും എല്ലായ്പ്പോഴും സിസ്റ്റത്തിന്റെ മേൽത്തട്ടിൽനിന്നായതിനാൽ അവൻ സിസ്റ്റത്തിന്റെ ആജീവനാന്തകാല അടിമയായി മാറുന്നു. എല്ലാ നിർഭാഗ്യവാൻ

മാരും ചാരിറ്റിയുടെ ഗുണം അനുഭവിക്കുന്നില്ല. അതിന് ഒരാൾ നിർഭാഗ്യർക്കിടയിലെ ഭാഗ്യവാനായിത്തീരേണ്ടതുണ്ട്. അതിന് സിസ്റ്റത്തിലെ പ്രിവിലേയ്ജ്ഡ് ആയവരുടെ കണ്ണിൽ പെടാൻ ഭാഗ്യം ചെയ്യേണ്ടതുണ്ട്. നമ്മളൊക്കെ അറിയുന്ന ഓരോ ചാരിറ്റി സംഭവങ്ങളിലുംഭീകരമായ അവസ്ഥയിലുള്ളവർ അയാളുടെ പരിസരത്തുതന്നെ കാണും.

ഏതാശുപത്രിയിലും കാണും അനാഥരായ അമ്മമാർ, ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾ, മരുന്നിന് പണമില്ലാതെ നിശ്ശബ്ദരായി മരിക്കുന്നവർ. പലപ്പോഴും ആശുപത്രിയിൽ പോലും എത്താൻ കഴിഞ്ഞിട്ടില്ലാത്തവർ. പക്ഷേ അവരിൽ ചിലരുടെ കഥകൾ മാത്രം നമ്മുടെ മുന്നിൽ എത്താൻ പ്രാപ്തിയുള്ളതായിത്തീരുന്നു. മുന്നിൽ വന്നുനിൽക്കാൻ പ്രാപ്തിയുള്ള ഒരു പ്രശ്നം കൂട്ടത്തിൽ ഏറ്റവും നിസ്സഹായമായ പ്രശ്നമായിരിക്കില്ല, മറിച്ച് ഏറ്റവും വിസിബിലിറ്റി ലഭിക്കാൻ ഭാഗ്യം ചെയ്ത പ്രശ്നമായിരിക്കും. ആ ഭാഗ്യത്തിന് കൊടുക്കേണ്ടുന്ന വില ആത്മാഭിമാനമാണ്. ചാരിറ്റി എല്ലായ്പ്പോഴും എത്തിച്ചേരുന്നത് നിർഭാഗ്യവാൻമാർക്കിടയിലെ ഭാഗ്യവാൻമാർക്കടുത്താണ്.

ഇനി ആഗോളതലത്തിലാണെങ്കിൽ ചാരിറ്റി ഒരു സമ്പൂർണ്ണ പൊളിറ്റിക്കൽ ഇൻസ്റ്റിറ്റ്യൂഷനാണ്. ചാരിറ്റിയാണ് ഏറ്റവും ലാഭം പ്രതീക്ഷിക്കപ്പെടുന്ന ഇൻവെസ്റ്റ്മെന്റ്. മൂലധനത്തിന് നേരിടേണ്ടിവരുന്ന രാഷ്ട്രീയപ്രതിരോധത്തെ നിർവ്വീര്യമാക്കുക എന്നതാണ് രാഷ്ട്രീയദൗത്യം. കഴിഞ്ഞ നൂറ്റാണ്ടിൽ മതം ചെയ്ത അതേ ജോലി. രാഷ്ട്രീയപ്രതിരോധത്തെ മറ്റുവഴികളിൽ നേരിടാനുള്ള ഭീമമായ ചെലവും അപകടസാധ്യതയും ഒഴിവാക്കി മൂലധനത്തിന് നേരിട്ട് പ്രവേശിക്കാനുള്ള സാഹചര്യമൊരുക്കുക.

അതിന്റെ താല്പര്യങ്ങൾ താഴേത്തട്ടിൽ നടപ്പിലാക്കാൻ എൻ.ജി.ഒ എന്ന ഒരു വ്യവസായശാഖതന്നെയുണ്ട്. രാഷ്ട്രീയമായ സംഘടിക്കൽ അനാവശ്യമാണെന്നും തങ്ങളുടെ ദയാപൂർണ്ണമായ പ്രവർത്തനങ്ങൾ വഴി മാറ്റങ്ങൾ തങ്ങൾതന്നെ കൊണ്ടുവന്നോളാമെന്നുമാണ് അവരുടെ അഭിപ്രായം. അനീതിയെയോ അതിന്റെ കാരണങ്ങളെയോ ഒരു തരത്തിലും സ്പർശിക്കാതെ അനീതിയുടെ അനിവാര്യമായ ഫലങ്ങളെ മാത്രം തെരഞ്ഞെടുത്ത് അവതരിപ്പിക്കുക. അനീതിയുടെ തിരഞ്ഞെടുക്കപ്പെട്ട ഇരകളെ ഗുണഭോക്താക്കളാക്കുകയോ എന്നെങ്കിലും ഗുണഭോക്താവാനുള്ള സാദ്ധ്യത നിരന്തരം ബാക്കിനിർത്തുകയോ ചെയ്തുകൊണ്ട് രാഷ്ട്രീയപ്രതിരോധത്തിന്റെ സാദ്ധ്യതകളെ ടോർപിഡോ ചെയ്യുക. ട്രിക്ളിങ് ഇഫക്റ്റ് എന്ന് വിളിക്കുന്ന, വിഭവചൂഷണത്തിന്റെ നൈരന്തര്യം കൊണ്ട് മാത്രം നിലനിൽക്കുന്ന, ക്യാപ്പിറ്റലിസ്റ്റ് സാമൂഹ്യപ്രതിഭാസം സാമൂഹ്യക്ഷേമത്തെ അടിസ്ഥാനമാക്കി ഉയർത്തിക്കാണിക്കുക. സമാനമായ കളമൊരുക്കൽ കൊളോണിയലിസം ചെയ്തിരുന്നത് വൻ ചിലവും ആൾനാശവും ഉൾപ്പെട്ട പ്രവർത്തനങ്ങളിലൂടെയായിരുന്നു എന്നുകൂടി ഓർക്കണം.

ചാരിറ്റി അധികാരത്തിന്റെ എന്നതിലുമുപരി ആധിപത്യത്തിന്റെ ആയുധമാണ്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് നേരിട്ട് പ്രവർത്തിക്കാൻ കഴിയാത്ത സിവിൽ സൊസൈറ്റികളിൽ അധീശത്വം സ്ഥാപിക്കാൻ ഉപയോഗിക്കപ്പെടുന്ന പല പൊളിറ്റിക്കൽ ടൂളുകളിലൊന്ന്. അതിനുള്ള സമ്മതി നിർമ്മിച്ചെടുക്കലാണ് ചാരിറ്റിയുടെ റോൾ. ചാരിറ്റി പ്രവർത്തനം അധികാരത്തിന്റെ കോൺഫിഗറേഷനിൽ വ്യത്യാസമുണ്ടാക്കുന്നില്ലെന്ന് മാത്രമല്ല അത് അധികാരഘടനയെ സംരക്ഷിക്കുകയും ചെയ്യുന്നു. ചാരിറ്റി മാറ്റിയ പട്ടിണി ലോകത്തെവിടെയുമുണ്ടാകില്ല. പക്ഷേ രാഷ്ട്രീയപ്രവർത്തനം ലോകം മാറ്റുന്നു. തുല്യത ഓരോ മനുഷ്യജീവിയുടേയും ജന്മാവകാശമാണ്, ആരുടേയും ഔദാര്യമല്ല. *(കടപ്പാട്: ഒരു ഗൂഗിൾപ്ലസ് സംവാദം)* ■

